പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5793 02.07.2014 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി.വി. രാജേഷ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ 'സ്വയംപര്യാപ്ത ഗ്രാമങ്ങൾ' പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ വിഭാവനം ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോളനികളിലുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, ബയോഗ്യാസ്പ്ലാന്റ്, ജലസേചന പദ്ധതികൾ, അടുക്കളത്തോട്ടങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ. |
| (ബി) | മേൽ പദ്ധതിയനുസരിച്ച് 2012-13 വർഷത്തെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശേരി മണ്ഡലത്തിലെ ഏഴിലോട് കോളനിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്നും ഇതുവരെ എത്ര രൂപ വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ ; | (ബി) | 12 വീട് പ്ലാസ്റ്ററിംഗ് പൂർത്തിയായി, 16 വീടുകളുടെ നിലം ടൈലിട്ടു, റോഡ് ടാറിംഗ് പൂർത്തിയായി, സെമിത്തേരി റിന്യൂവൽ, കമ്മ്യൂണിറ്റി ഹാൾ റിനവേഷൻ തുടങ്ങിയ പ്രവൃത്തികൾ ആരംഭിച്ചു; ഏകദേശം 28 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് മുഖേന നടത്തുന്ന ഈ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് പ്രതിനിധികളുമായി പ്രതിവാരം ചർച്ച നടത്തി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ